# കേരള സർവകലാശാല

നം. പി.ആർ.275/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി (യൂണിറ്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണ്ണയത്തിനും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 20.

## ഭിന്നശേഷിക്കാർക്കുള്ള ഗ്രേസ് മാർക്ക്

കേരള സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികളിൽ ഗ്രേസ് മാർക്കിന് അർഹതയുള്ളവർക്ക് തിയറി പരീക്ഷയുടെ ആകെ മാർക്കിന്റെ 10% ലഭിക്കുന്നവർക്ക് തിയറി പരീക്ഷയുടെ ആകെ മാർക്കിന്റെ 25% ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഒക്ടോബർ 10 മുതലുള്ള പരീക്ഷകൾക്ക് ഈ ഉത്തരവ് ബാധകമായിരിക്കുന്നതാണ്.

## സീറ്റൊഴിവ്

കേരള സർവകലാശാല (ഐ.യു.സി.ജി.ഐ.എസ്.ടി) പി ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജിയിൽ ഒരു എസ്.ടി സീറ്റ് ഒഴിവുണ്ട്. യോഗ്യത : ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും പി.ജി ബിരുദം. താല്പര്യം ഉള്ളവർ അസ്സൽ രേഖകളുമായി ഡിസംബർ 22 ന് മുൻപ് ഹാജരാകുക. ഫോൺ : 0471 2308214, വിശദവിവരങ്ങൾക്ക് www.cgist.ac.in

## അറബി ശില്പശാല

കേരള സർവകലാശാല ലോക അറബിദിനത്തോട് അനുബന്ധിച്ച് അറബി വിഭാഗം 'അക്കാഡമിക് റൈറ്റിംഗ്സ് ഇൻ അറബിക്' എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ചു. ഒരു ലോകോത്തര നിലവാരത്തിലുള്ള പ്രബന്ധം, തീസിസ് എന്നിവ എങ്ങനെ തയ്യാറാക്കണമെന്ന് വിശദമായി അവതരിപ്പിച്ചുകൊണ്ട് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് അറബി വിഭാഗം മേധാവി ഡോ. എൻ. ഷംനാദ് ശില്പശാലയ്ക്ക് നേതൃത്വം നൽകി. ഈ വിഷയത്തിൽ തുടർക്ലാസ്സുകൾ ആവശ്യമുള്ളവർ CAMPUSARABIC@gmail.com എന്ന വിലാസത്തിലേക്ക് കത്തുകൾ അയയ്ക്കണമെന്ന് അറബി വിഭാഗം മേധാവി അറിയിച്ചു.



(ഫോട്ടോ ഇമെയിൽ ചെയ്തിട്ടുണ്ട്)

## എം.എ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2017 ജൂലൈയിൽ നടത്തിയ ഫൈനൽ എം.എ സംസ്കൃതം സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഏകദിന സെമിനാർ

കേരള സർവകലാശാലയുടെ വേദാന്ത പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ യോഗ നിത്യജീവിതത്തിൽ എന്ന വിഷയത്തിൽ ഡിസംബർ 23 ന് സർവകലാശാലയിൽ വച്ച് ഒരു ഏകദിന സെമിനാർ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. കൈതപ്രം വാസുദേവൻ നമ്പൂതിരി (ഡയറക്ടർ, പതഞ്ജലി യോഗാ പഠന ഗവേഷണ കേന്ദ്രം) ഡോ. കെ.വി. പത്മനാഭൻ (കണ്ണൂർ സർവകലാശാല യോഗാദ്ധ്യാപകൻ) തുടങ്ങിയവർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതാണ്. നാല് മണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ സർവകലാശാല രജിസ്ട്രാർ ഡോ. ആർ. ജയചന്ദ്രൻ അദ്ധ്യക്ഷത വഹിക്കുന്നതാണ്. റാണി ഗൗരി ലക്ഷ്മിഭായി തമ്പുരാട്ടി സർട്ടിഫിക്കറ്റ് വിതരണം ചെയ്യും. പങ്കെടുക്കാൻ താല്പര്യമുള്ളവർ 9400552206, 9961424848 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി ഒൻപത്.

തിരുവനന്തപുരം.
19.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098